# തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

## <u>വാർഷിക ബഡ്ജറ്റ് 2021-22</u>

## <u>ബജറ്റ് പ്രസംഗം</u>

ബഹുമാന്യരേ,

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ പുതിയ ഭരണ സമിതി അധികാരത്തിലേറി കേവലം മൂന്ന് മാസം തികയുന്നതിനു മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നതിനുള്ള ഭരണഘടനാപരമായ ചുമതല അത്യന്തം അഭിമാനത്തോടു കൂടി ഏറ്റെടുക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർവ്വഹണത്തിൽ മാതൃകാ പരവും ജനോപകാര പ്രദവുമായ നൂതന പദ്ധതികൾ ഏറ്റെടുക്കുകയും അവ വിജയകരമായി തന്നെ നിർവ്വഹിച്ച് വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാ ബോധം ഉണ്ടാക്കിയെടുത്തതിലൂടെ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും അംഗീകാരം പിടിച്ചുപറ്റിയ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റും മേൽ പറഞ്ഞ പ്രകാരമുള്ള നൂതനവും പുതുമയാർന്നതുമായ പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് എന്നതും ആമുഖമായി സൂചിപ്പിക്കുകയാണ്.

കോവിഡ്-19 എന്ന മഹാമാരി മാനവരാശിയെ ഒന്നാകെ പിടിച്ചുകുലുക്കി ലോകത്തെ മുഴുവൻ നിശ്ചലമാക്കിയ ഒരു വർഷമാണ് കടന്നു പോകുന്നത്. ലോകമാസകലം ദു:ഖവും ദുരിതവും അശാന്തിയും പടർത്തിയ കോവിഡ്-19 എന്ന മഹാമാരിമൂലമുള്ള കഷ്ടപ്പാടുകളെ ഇച്ഛാശക്തിയും ശുഭാപ്തി വിശ്വാസവും കൈമുതലാക്കി ശാസ്ത്ര ലോകത്തിന്റെ പിൻബലത്തോടെ ഏറെക്കുറെ തടുത്തു നിരത്തുവാൻ നമുക്ക് കഴിഞ്ഞു എന്നത് ആശ്വാസകരമാണ്. പ്രതീക്ഷയുടെ വെള്ളിവെളിച്ചത്തിന്റെ സൂചനകൾ ദൃശ്യമാകുന്നുണ്ട് എങ്കിലും ഈ മഹാമാരി കവർന്നെടുത്ത നമ്മുടെ പ്രിയ സഹോദരങ്ങൾ, അതുല്യ പ്രതിഭകൾ, പൊതു പ്രവർത്തകർ എന്നിവരുടെ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇതോടൊപ്പം ഈ മഹാമരിയ്ക്കെതിരായ ചെറുത്തു നിൽപ്പിൽ മുന്നണിപോരാളികളായി നിന്ന ആരോഗ്യ പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ, റവന്യൂ-തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, യുവാക്കളും പൊതു പ്രവർത്തകരും എന്നിവരുടെ സാമൂഹിക പ്രതിബദ്ധതിയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

കോവിഡ്–19 മഹാമാരിമൂലമുള്ള വിപത്തുകളെ മികച്ച രീതയിൽ ചെറുത്ത് നിർത്തുന്നതിലും മരണനിരക്ക് പിടിച്ചു നിർത്തുന്നതിലും ലോകത്തിന് മുന്നിൽ തന്നെ മാതൃകയായ നമ്മുടെ സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ അഭിമാനകരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രവർത്തനങ്ങളുടെ ഒത്തൊരുമയും പൊതു സമൂഹത്തെ ചേർത്ത് നിർത്തി അർപ്പണ ബോധത്തോടുകൂടി ഏറ്റെടുത്ത വിശ്രമമില്ലാത്ത പ്രവർത്തനങ്ങളും ഈ മഹാമാരിയെ ചെറുത്ത് നിർത്തുന്നതിന് നമ്മുടെ സംസ്ഥാനത്തെ സഹായിച്ച ഒരു പ്രധാന ഘടകമാണ്. പ്രതിസന്ധി ഘട്ടത്തിൽ ജനങ്ങളോടൊപ്പം ചേർന്ന് നിന്ന് അവരിൽ സുരക്ഷിതത്വ ബോധവും ആത്മവിശ്വാസവും ഉണ്ടാക്കിയെടുക്കുക എന്നത് ഏതൊരു ഭരണകൂടത്തിന്റെയും മികവിന്റെ പ്രതീകമാണ്. തദ്ദേശ സ്ഥാപനങ്ങളുടെ അർപ്പണ ബോധത്തോടെയുള്ള പ്രവർത്തനമികവിൽ മേൽപറഞ്ഞ പ്രതിസന്ധി മാതൃകാപരമായിതന്നെ കൈകാര്യം ചെയ്യുവാൻ ഇച്ഛാശക്തിയുള്ള നമ്മുടെ ഭരണകൂടത്തിന് സാദ്ധ്യമായി എന്നത് അഭിമാനകരമായ വസ്തുതയാണ്. സ്വാഭാവിക മായും വരും വർഷത്തെ ബജറ്റിൽ നമ്മൾ ഊന്നൽ കൊടുക്കേണ്ടത് മേൽ പറഞ്ഞ മഹാമാരിയിൽ നിന്നുള്ള അതിജീവനത്തിനാകണം എന്നത് പുതിയ ഭരണ സമിതിയുടെ സാമൂഹിക ധാർമ്മിക പ്രതിബദ്ധതയാണ്.

> ''ഈ പ്രതിസന്ധിയേയും നാം അതിജീവിക്കും
> അഭിവൃദ്ധിയുടെ പൊൻപുലരികൾ ഉദിച്ചുയരുകതന്നെ ചെയ്യും''

എന്ന ആത്മവിശ്വാസത്തോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2021–22 വർഷത്തെ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ബജറ്റ് സവിനയം അവതരിപ്പിക്കുന്നു.

മാതൃകാപരവും ജനക്ഷേമപരവും നൂതനവുമായ നിരവധി പദ്ധതികൾ ഏറ്റെടുത്ത് സ്തുത്യർഹമായ രീതിയിൽ നിർവ്വഹണം നടത്തി തുടർച്ചയായി മൂന്നാം വർഷവും മികച്ച ജില്ലാപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയതിന്റെ ആഹ്ലാദത്തിലാണ് നാം. ഇതിനു പുറമെ മുൻവർഷങ്ങളിൽ നിരവധി ദേശീയ അവാർഡുകളും തിരുവനന്തപുരം ജില്ലാപഞ്ചായത്തിനെ തേടി വന്നിട്ടുണ്ട് എന്നതും അഭിമാനപുരസരം സ്മരിക്കുന്നു. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി പൊതു സമൂഹത്തിന്റെ അംഗീകാരം നേടിയെടുത്ത പല പദ്ധതികളും മറ്റ് തദ്ദേശസ്ഥാപനങ്ങൾ എന്നല്ല സംസ്ഥാന സർക്കാർ പോലും അനുകരണീയ പദ്ധതികളായി ഏറ്റെടുക്കുവാൻ മുന്നോട്ടു വന്നിട്ടുണ്ട് എന്നത് സന്തോഷകരമായ വസ്തുതയാണ്.

കഴിഞ്ഞ കുറേ വർഷങ്ങളായി നാം ഏറ്റെടുത്ത് നടപ്പിലാക്കിയ പുതുമയാർന്നതും ജനസേവനപരവുമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് സംസ്ഥാന തലത്തിലും ദേശീയ തലത്തിലും തുടർച്ചയായി ലഭിക്കുന്ന പുരസ്കാരങ്ങൾ എന്നതിനാൽ അത്തരം പദ്ധതികൾ വരും വർഷങ്ങളിലും നാം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ഭക്ഷ്യ ഉത്പാദനത്തിനുള്ള സ്വയം പര്യാപ്തത, ക്ഷീര മേഖലയിൽ വികസനം, ആരോഗ്യ വിദ്യാഭ്യാസ

മേഖലയിലെ മികവാർന്ന പ്രവർത്തനങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം, അഗതികളുടെയും നിരാലംബരുടെയും സംരക്ഷണം, പ്രകൃതി സംരക്ഷണത്തിലൂടെയുള്ള ടൂറിസം വികസനം, പരമ്പരാഗത കൈത്തൊഴിലുകളുടെയും വ്യവസായങ്ങളുടെയും വികസനം, വലിയ രീതിയിലുള്ള തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന തിലൂടെ സാധാരണക്കാരുടെ വരുമാനം ഉറപ്പുവരുത്തൽ തുടങ്ങിയ മേഖലകൾക്ക് പ്രത്യേക പരിഗണന നൽകി ആവശ്യമായ സാമ്പത്തിക സ്രോതസ്സ് ഉറപ്പുവരുത്തി വരും വർഷത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഉതകുന്ന രീതിയിലാണ് ലഭ്യമായ വിഭവങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മുൻപ് സൂചിപ്പിച്ചതു പോലെ കാർഷിക ഗ്രാമീണ മേഖലയുടെ അടിസ്ഥാനപരമായ പുരോഗതി യിലൂടെ താഴെത്തട്ടിലുള്ളവർക്ക് സുരക്ഷിതത്വവും ആത്മവിശ്വാസവും പ്രദാനം ചെയ്ത് പുതിയ ചുവട് വയ്പുകൾക്ക് അവരെ പ്രാപ്തരാക്കി കോവിഡ് മഹാമരി മൂലമുണ്ടായ തകർച്ചയിൽ നിന്നും ഘട്ടം ഘട്ടമായി അവരെ കരകയറ്റുക എന്നത് ഭരണ സംവിധാനത്തിന്റെ പ്രധാന കർത്തവ്യമാണ് എന്നത് മനസ്സിലാക്കി കാർഷിക–ക്ഷീര–പരമ്പരാഗത വ്യവസായ മേഖലകൾക്ക് പ്രത്യേക പരിഗണന ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നുണ്ട്. ആരോഗ്യ വിഭ്യാഭ്യാസ മേഖലകളിലെ അത്ഭുതപുർവ്വമായ പുരോഗതിയിലൂടെ ലോകത്തിന് മുന്നിൽ തന്നെ ശ്രദ്ധിക്കപ്പെട്ട നമ്മുടെ സംസ്ഥാനത്തിന്റെ ഈ മേഖലകളിലെ തുടർ പ്രവർത്തനങ്ങൾക്ക് മികച്ച രീതിയിലുള്ള ഒരു പിൻതുണ ഉറപ്പുവരുത്തുന്ന വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ സഹായകരമായ വിധത്തിലാണ് ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ വിഹിതം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. താഴെതട്ടിലുള്ള വരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനം ലക്ഷ്യമാക്കി നാം ഏറ്റെടുത്ത നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ കൂടുതൽ ശക്തമായി തുടർന്നും നടപ്പിലാക്കുന്നതിനും അവർക്ക് മികച്ച ജീവിത നിലവാരം ഉറപ്പു വരുത്തുന്നതിനും ഉതകുന്ന രീതിയിലുള്ള പദ്ധതികൾക്ക് ഈ ബജറ്റിൽ പ്രത്യേക പരിഗണിന നൽകിയിട്ടുണ്ട്. രാജ്യത്തുതന്നെ ശ്രദ്ധിക്കപ്പെട്ട ലൈഫ് ഭവന പദ്ധതി മികച്ച രീതിയിൽ മുന്നോട്ടുകൊണ്ടു പോകുന്നതിന് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് ബജറ്റിലൂടെ നാം വിഭാവനം ചെയ്യുന്നത്. അതോടൊപ്പം അടിസ്ഥാനസൗകര്യ വികസനത്തിനും മതിയായ വിഹിതം ബജറ്റിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

മുൻ വർഷങ്ങളിലെ പോലെ ജില്ലാപഞ്ചായത്തിന്റെ ഇത്തവണത്തെ ബജറ്റും തീർച്ചയായും ജെന്റർ ബജറ്റ് തന്നെയാണ്. 2021–22 വർഷത്തേയ്ക്ക് നാം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളെല്ലാം ഈ മാനദണ്ഡത്തിലൂന്നി തന്നെയാണ് തയ്യാറാക്കിയിട്ടുള്ളത്. കാലഘട്ടത്തിന്റെ പ്രത്യേകത പരിഗണിച്ച് വനിതകളുടെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക സുരക്ഷയ്ക്കും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ തന്നെയാണ് നാം ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പോകുന്നത്. ഉദ്പാദന മേഖലയിലും സേവന മേഖലയിലും നടപ്പിലാക്കാൻ പോകുന്ന നിരവധി പദ്ധതികൾ വനിത ഘടക പദ്ധതിയുടെ പരിധിയ്ക്കുള്ളിൽ പരമാവധി ഉൾപ്പെടുത്തിയിട്ടുള്ളത് മേൽപറഞ്ഞ ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണ്. സംസ്ഥാന സർക്കാർ നിർദ്ദേശിച്ച പൊതു പദ്ധതികളിൽ പോലും വനിത ക്ഷേമം

ഉറപ്പുവരുത്തിയാണ് വരും വർഷത്തെ പദ്ധതികൾ ജില്ലാപഞ്ചായത് വിഭാവനം ചെയ്തിട്ടുള്ളത്. വരും വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'സുശാന്തി'– വനിതകൾക്കായുള്ള വിശ്രമകേന്ദ്രങ്ങൾ, 'സുശക്ത' – പെൺകുട്ടികൾക്കുള്ള കായിക പരിശീലനം, 'നിപുണ'– വനിതകൾക്കുള്ള ബോധവത്കരണ പരിപാടികൾ, 'നിവാരണ' – തീരദേശ മലയോര പ്രദേശങ്ങളിലെ വനിതകൾക്ക് ദുരന്തനിവാരണ പരിശീലനം, 'സാഗര'– മത്സ്യതൊഴിലാളി സ്ത്രീകൾക്കുള്ള പദ്ധതി, 'ആര്യപള്ളം' – വനിത സ്കിൽ ഡെവലപ്മെന്റ് സെന്റർ, മുതലായ നിരവധി സ്ത്രീ സൗഹൃദ പദ്ധതികൾ വിഭാവനം ചെയ്യുന്നതിലൂടെ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ വനിത ശാക്തീകരണ നിലപാട് ഒരിക്കൽകൂടി ഉയർത്തിക്കാട്ടുകയാണ്.

കോവിഡ്–19 മഹാമാരിയെ തുടർന്ന് ഏർപ്പെടുത്തിയ ലോക്ഡൗൺ കാലയളവിലാണ് ഭക്ഷ്യസുരക്ഷയുടെ പ്രസക്തിയും ഭക്ഷ്യോത്പാദനത്തിന്റെ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ പ്രുധാന്യവും നാം തിരിച്ചറിഞ്ഞത്. ആയതിനെ തുടർന്ന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'സുഭിക്ഷ' കേരളം പദ്ധതി. ഭക്ഷ്യ ഉദ്പാദനത്തിൽ പ്രത്യേകിച്ച് നെല്ല്, പച്ചക്കറി കൃഷി, വാഴപ്പഴം, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉദ്പാദനത്തില സ്വയം പര്യാപ്തത കൈവരിക്കുവാനും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കൃഷി വിസ്തൃതി, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ സ്ഥിരമായ രീയിൽ ഉയർത്തുന്നതിനും കൂടി ലക്ഷ്യമിട്ട് അനുവദിച്ചിട്ടുള്ള ഈ പദ്ധതിയ്ക്ക് വരും വർഷത്തിലും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പൂർണ്ണ പിന്തുണ നൽകുന്നു എന്നതിന്റെ തെളിവാണ് കാർഷിക മേഖലകളിൽ ഈ ബജറ്റിലൂടെ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതം.

**<u>കാർഷിക മേഖല</u> <u>പ്രധാന പദ്ധതികൾ</u>**

| | |
|---|---|
| 1. കേദാരം, സമഗ്ര നെൽകൃഷി വികസനം | 1,50,00,000/– (ഒരു കോടി അമ്പത് ലക്ഷം രൂപ) |
| 2. തദ്ദേശ സ്ഥാപനങ്ങളിലും പൊതുസ്ഥലത്തും ജനപ്രതിനിധികളുടെ നിയന്ത്രണത്തിൽ സമ്മിശ്ര കൃഷി | 50,00,000/– (അമ്പത് ലക്ഷം രൂപ) |
| 3. ജില്ലയിലെ വിവിധ പാടശേഖരങ്ങളുടെ കാർഷിക കർമ്മ സേനക്ക് കൊയ്ത്ത് മെതിയന്ത്രം | 35,00,000/– (മുപ്പത്തി അഞ്ച് ലക്ഷം രൂപ) |
| 4. പാടശേഖര സമിതിക്കും കർഷക ഗ്രൂപ്പുകൾക്കും റിവോൾവിംഗ് ഫണ്ട് | 10,00,000/– (പത്ത് ലക്ഷം രൂപ) |
| 5. വെഞ്ഞാറമൂട് കെയർഹോമിൽ മോഡേൺ കൃഷി നഴ്സറി | 10,00,000/– (പത്ത് ലക്ഷം രൂപ) |
| 6. ചിറയിൻകീഴ് വിത്ത് ഉത്പാദന കേന്ദ്രം ഉൽപ്പാദന വർദ്ധനവ് | 15,00,000/– (പതിനഞ്ച് ലക്ഷം രൂപ) |
| 7. കോക്കനട്ട് നഴ്സറി കഴക്കൂട്ടം ഉത്പാദനക്ഷമത വർദ്ധനവ് | 15,00,000/– (പതിനഞ്ച് ലക്ഷം രൂപ) |
| 8. വലിയതുറ ഫാം ഉത്പാദന വർദ്ധനവ് | 3,00,000/– (മൂന്ന് ലക്ഷം രൂപ) |

| | |
|---|---|
| 9. ഉള്ളൂർ ഫാം ഉത്പാദനക്ഷമത വർദ്ധനവ് | 5,00,000/- (അഞ്ച് ലക്ഷം രൂപ) |

## മൃഗസംരക്ഷണം

തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ കീഴിൽ ചെറ്റച്ചൽ, വിതുര, പാറശ്ശല എന്നിവിടങ്ങളിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ അടിസ്ഥാന സൗകര്യവികസനം, ഉദ്പാതനം വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള നിരവധി പരിപാടികൾ ജില്ലാപഞ്ചായത് ആസൂത്രണം ചെയ്തിട്ടുണ്ട്. വിതുര ഫാമിൽ 100 പശുക്കളെ കൂടി അധികമായി ഉൾപ്പെടുത്തി പരിപാലിക്കുന്ന ഒരു ബൃഹത് പദ്ധതി വരും വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് ഈ മേഖലക്ക് നാം നൽകുന്ന പ്രാധാന്യത്തിന്റെ ഉദാഹരണമാണ്. ക്ഷീരോത്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും, സംരംഭകരെയും, സഹകരണ സംഘങ്ങളെയും കൊണ്ടുവരുകയും വിവിധ പദ്ധതികളിലൂടെഉദ്പാദനം വർദ്ധിപ്പിച്ച് ഈ മേഖലയുടെ സ്വയംപര്യാപ്തത നിലനിർത്തുന്നതിനലേയ്ക്കായിട്ടുള്ള നിരവധി പദ്ധതികളാണ് ജില്ലാപഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. ഉപജീവനത്തിനുവേണ്ടിയുള്ള ക്ഷീരോത്പാദനത്തിൽ നിന്നും മാറി വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോത്പാദനം ലക്ഷ്യമിട്ടാണ് നാം പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. പാലുത്പാദനവുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക എന്നതും പ്രധാന കർത്തവ്യമാണ്.

## മൃഗസംരക്ഷണം പ്രധാന പദ്ധതികൾ

| | |
|---|---|
| 1. ക്ഷീര സമൃദ്ധി പാലിന് സബ്സിഡി(വനിത) | 2,40,00,000/- (രണ്ട് കോടി നാൽപത് ലക്ഷം രൂപ) |
| 2. ക്ഷീര സമൃദ്ധി പാലിന് സബ്സിഡി(ജനറൽ) | 3,75,00,000/- (മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷം രൂപ) |
| 2. ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | 52,00,000/- (അൻപത്തി രണ്ട് ലക്ഷം രൂപ) |
| 3. വിതുര ജഴ്സി ഫാമിന്റെ വികസനം | 1,68,00,000/- (ഒരു കോടി അറുപത്തി എട്ട് ലക്ഷം രൂപ) |
| 4. ചെറ്റച്ചൽ ജഴ്സി ഫാമിന്റെ വികസനം | 1,24,00,000/- (ഒരു കോടി ഇരുപത്തി നാല് ലക്ഷം രൂപ) |
| 5. വിതുര ജഴ്സിഫാം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 91,44,000/- (തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നൽപ്പത്തി നാലായിരം രൂപ) |

## ലൈഫ് ഭവന പദ്ധതി

എല്ലാവർക്കും പാർപ്പിടം എന്ന സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന് ശക്തി പകരുന്ന രീതിയിലാണ് മുൻ വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നത്. പ്രസ്തുത പദ്ധതിയുടെ സാർവ്വദേശീയ അംഗീകാരം നിലനിർത്തുന്നതിനും ഭവന രഹിതരില്ലാത്ത ഒരു സമൂഹം കെട്ടിപ്പടുക്കുകയെന്ന സ്വപന സാക്ഷാത്കാരത്തിലേയ്ക്കായി മതിയായ വിഹിതം വകയിരുത്തേണ്ടത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ ധാർമ്മിക ചുമതലയായി മാറിക്കഴിഞ്ഞു. ലൈഫ് ഭവന പദ്ധതിയിൽ തുക വകയിരുത്തുന്നതിന് വിട്ടുവീഴ്ചയില്ലാത്ത സമീപനം കൈക്കൊണ്ടിരുന്ന തിരുവനന്തപുരം ജില്ലാപഞ്ചായത്ത് അടുത്ത വർഷം ഇതിലേയ്ക്കായി പതിനാല് കോടി എൺപത് ലക്ഷം രൂപ വകയിരുത്തിയിരുത്തുന്നു.

## പാഥേയം

നമ്മുടെ ജില്ലയെ വിശപ്പുരഹിത ജില്ലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ ശ്രദ്ധേയമായ പദ്ധതിയാണ് പാഥേയം. അഗതികളും അശരണരുമായ ദുർബല വിഭാഗങ്ങൾക്ക് ഒരുനേരത്തെ ഭക്ഷണം വീടുകളിലെത്തിക്കുന്ന പദ്ധതി ഈ വർഷവും തുടരുന്നു. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന്റെ മാനുഷിക മുഖം വ്യക്തമാക്കുന്ന ക്ഷേമ പദ്ധതിയായ പാഥയം പദ്ധതിയ്ക്ക് അടുത്ത വർഷം എട്ട് കോടി ഇരുപത് ലക്ഷം രൂപ വകയിരുത്തുന്നു.

## സാഗര

മത്സ്യ ബന്ധന മേഖലയുമായി ബന്ധപ്പെട്ട ജില്ലാപഞ്ചായത്തിന്റെ പദ്ധതിയാണ് സാഗര. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യക്കച്ചവടം നടത്തുന്നതിലേയ്ക്കായി പ്രത്യേക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്ന ഈ പദ്ധതിയിൽ അടുത്ത വർഷം ഇരുപത്തി അഞ്ച് ലക്ഷം രൂപ വകയിരുത്തുന്നു.

## വെട്ടം

നമ്മുടെ പശ്ചിമഘട്ട മലനിരകൾ അമൂല്യങ്ങളായ ഔഷധ സസ്യങ്ങളാലും തനതായ സംസ്കാരം ഉൾക്കൊള്ളുന്ന ആദിവാസി ഗോത്ര ജന വിഭാഗത്താലും അതീവ സമ്പന്നമാണ്. നാഗരിക വത്ക്കരണത്തിന്റെ കടന്നാക്രമണം മഹത്തായ ഗോത്ര സംസ്കാരത്തെ നശിപ്പിക്കുന്നകാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ആദിവാസി യുവാക്കളിൽ പലരും മദ്യത്തിനും ലഹരിമരുന്നിനും അടിമപ്പെടുന്നു. വനവിഭവങ്ങൾ മാത്രമല്ല ആദിവാസി ജനങ്ങളും അവരുടെ നാട്ടറിവുകളും സംസ്കാരവും ചൂഷണം ചെയ്യപ്പെടുന്നു. സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങൾ അവരിലേക്ക് എത്തണമെങ്കിൽ ലക്ഷ്യബോധമുള്ള ബോധവത്ക്കരണം കൂടിയേ കഴിയൂ. ആദിവാസി യുവാക്കളെ ബോധവത്ക്കരണം നടത്തി അവർക്ക് ലൈബ്രറി, സ്പോർട്സ് ക്ലബ്ബുകൾ

എന്നിവ സ്ഥാപിക്കൽ എന്നിവയെല്ലാം ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് വെട്ടം. മൂന്ന് ലക്ഷം രൂപ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്.

**മിത്രം**

പ്രകൃതി ദുരന്തങ്ങൾ നേരിടേണ്ടിവരുന്ന അവസരത്തിൽ ദുരിത ബാധിതരെ സഹായിക്കുന്നതിലേയ്ക്കായി സ്വമേധയാ മുന്നിട്ടുവന്ന യുവതലമുറയുടെ സാമൂഹ്യ പ്രതിബദ്ധത നാം നേരിട്ട് കണ്ടതാണ്. നമ്മുടെ നാട്ടിലെ ദുരന്തമുഖങ്ങളിൽ അടിയന്തിര സേവനം ലഭ്യമാക്കുന്നതിനായി നമ്മുടെ ജില്ലയിലെ ഊർജ്ജസ്വലവും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ യൗവ്വനത്തെ പ്രയോജനപ്പെടുത്തി ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ 'മിത്രം' എന്ന പേരിൽ 200 പേരടങ്ങുന്ന ഒരു ദുരന്ത കർമ്മ സേനയെ സജ്ജമാക്കുവാൻ ജില്ലാപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ഇവർക്ക് പരിശീലനവും ദുരന്തനിവാരണത്തിനായുള്ള ഉപകരണങ്ങളും നൽകുന്നു. മിത്രം പദ്ധതിയ്ക്കായി 5 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വെള്ളായണി കായൽ സംരക്ഷണം**

കേരളത്തിലെ പ്രധാന ജലസ്രോതസ്സുകളും തടാകങ്ങളും മലിനീകരണം മൂലവും കൈയ്യേറ്റം മുഖാന്തിരവുമുള്ള ആവാസ വ്യവസ്ഥ തകർച്ച നേരിടുന്നു. ഈ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിലേയ്ക്കായി ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനും ജലജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള പരിപാടികൾ ഏറ്റെടുക്കേണ്ടതുണ്ട്. കായലുകളും തടാകങ്ങളും ശുചിയായി സംരക്ഷിക്കുക, ശുചീകരണ പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കുക മുതലായ പ്രവർത്തനങ്ങളിലൂടെ ജൈവവൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുക എന്നത് അനിവാര്യതയാണ്. ജൈവവൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ, കൈയ്യേറ്റം നിരുത്സാഹപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ, ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ ജലവിഭവ പരിപാലനം, പരിസ്ഥിതി വികസന പ്രവൃത്തി, സമീപ കേന്ദ്രങ്ങളുടെ പരിപാലനം, ഉപദ്രവകാരികളായ പായലും കളകളും നശിപ്പിക്കൽ, തുടങ്ങിയ നിരവധി പരിപാടികൾ ജനകീയ പങ്കാളിത്തത്തോടെ ഏറ്റെടുത്ത നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഘട്ടം ഘട്ടമായി ജില്ലാപഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന മുഴുവൻ ജലാശയങ്ങളും തടാകങ്ങളും തീർത്തും മാലിന്യമുക്തവും പ്രകൃതിജന്യവുമാക്കിമാറ്റുന്നതിനുള്ള പദ്ധതി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ആസൂത്രണം ചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ എന്നത് സമീപ പഞ്ചായത്തുകളുടെ ജലലഭ്യത ഉറപ്പുവരുത്തുതന്നിനും കാർഷിക

മേഖലയുടെ പുരോഗതിയ്ക്കും വളരെയധികം സംഭാവന ചെയ്യുന്ന ഒരു ശുദ്ധജല തടാകമാണ്. കല്ലിയൂർ, ബാലരാമപുരം, വെങ്ങാനൂർ, പള്ളിച്ചൽ എന്നീ പഞ്ചായത്തുകളിലും തിരുവനന്തപുരം നഗരസഭയുടെ സമീപ പ്രദേശങ്ങളിലും പൊതുജനങ്ങൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നത് ഈ ജലാശയത്തിൽ നിന്നും ജലഅതോറിറ്റി മുഖാന്തിരം വിതരണം ചെയ്യുന്ന കുടിവെള്ളമാണ്. എന്നാൽ നിരുത്തരവാദപരമായ ഇടപെടലുകൾ മൂലം വെള്ളായണികായൽ തകർച്ചയിലേയ്ക്ക് നീങ്ങുന്നു എന്നതാണ് വസ്തുത ആയതിനാൽ ഈ കായലിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു ബൃഹത് പദ്ധതി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് വിഭാവനം ചെയ്യുന്നു. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വെള്ളായണി കായലിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## സുശക്ത – പെൺകളിക്കളം

ബാല്യ–കൗമാര കാലങ്ങളിൽ കായികമായി മികവാർന്ന പ്രകടനം കാഴ്ചവച്ച് തല ഉയർത്തി നിൽക്കുന്ന പെൺകുട്ടികൾ വിവിധ കാരണങ്ങളാൽ അവരുടെ കായികശേഷി നിലനിർത്തിപ്പോരുന്നതിൽ പരാചയപ്പടുന്ന ഒരു സ്ഥിതി വിശേഷം ഇന്ന് നമുക്ക് കാണാവുന്നതാണ്. മതിയായ പരിശീലന സൗകര്യങ്ങളുടെ അപര്യാപ്തതയും മറ്റ് വിവിധ ഭൗതിക സൗകര്യങ്ങളുടെ ലഭയതക്കുറവുമാണ് ഇത്തരമൊരു സ്തിതി വിശേഷം ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. നമ്മുടെ നാട്ടിൻപുറങ്ങളിലെ വനിതകളുടെ കായിക ശാരീരിക ക്ഷമത നില നിർത്തുകയെന്ന ലക്ഷ്യത്തോടെ ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സുശക്ത. നാട്ടിലെ കുളങ്ങളും മറ്റ് ജലാശയങ്ങളും വൃത്തിയാക്കി സ്ത്രീകൾക്ക് കൂടി ഉപയുക്തമാകുംവിധം നീന്തൽ പരിശീലനം ഉൾപ്പെടെയുള്ള കായിക പരിശീലനങ്ങൾ ലഭ്യമാക്കുവാൻ ഉതകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിച്ചെടുക്കുന്ന ഒരു പദ്ധതിയാണിത് സ്റ്റേഡിയങ്ങളും, സ്പോർട്സ് ഹബ്ബുകളും നമ്മുടെ സ്ത്രീ ജനങ്ങൾക്ക് കൂടി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രാദേശികമായി ഓരോ പഞ്ചായത്തിലും സൗകര്യപ്രദമായ രീതിയിൽ വോളിബോൾ, റസ്ലിംഗ്, നീന്തൽ എന്നിവയിലും പരിശീലനം നൽകുവാനുദ്ദേശിച്ചും, അവരുടെ മാനസിക ശാരീരിക നിലവാരം ഉയർത്താനായി ഉന്നം വച്ചിട്ടുള്ള ഈ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## നിവാരണ

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സ്വഭാവികമായും കൂടുതൽ ദുരിതം സഹിക്കേണ്ടി വരുന്നത് സ്ത്രീകളാണ്. ഇത്തരം അവസരങ്ങളിൽ ഏത് വിധത്തിലാണ് ഇടപെടൽ നടത്തേണ്ടത് എന്ന അറിവില്ലായ്മമൂലം ദുരന്തത്തിന്റെ തീവ്രത കൂടി രിതയിൽ ഏറ്റുവാങ്ങുവാൻ സാദ്ധ്യതയുള്ള

സ്ത്രീ സമൂഹത്തിന്റെ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'നിവാരണ'. തീരദേശ–മലയോര മേഖലയിലെ സ്ത്രീകൾക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഇതിലൂടെ സ്ത്രീകൾക്ക് സ്വയരക്ഷ മാത്രമല്ല വീട്ടിലുള്ള കുട്ടികൾ, പ്രായമായവർ എന്നിവരെ ദുരന്തങ്ങളില നിന്നും സംരക്ഷിക്കുന്നതിനും അവർക്ക് സാധിക്കുന്നതിനുള്ള പരിശീലനം നൽകുന്ന ഈ പദ്ധതിയ്ക്ക് 20 ലക്ഷം രൂപവകയിരുത്തിയിട്ടുണ്ട്.

**<u>ജാഗ്രതാ സമിതി</u>**

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ഉദ്ദേശിച്ച് തദ്ദേശീയ തലത്തിൽ രൂപീകരിച്ചിട്ടുള്ള നീതിന്യായ സംവിധാനമാണ് ജാഗ്രതാ സമിതികൾ പഞ്ചായത്ത് തലത്തിലെ വനിത കമ്മീഷനുകൾ എന്ന് അഭിസംബോധന ചെയ്യാവുന്ന ഈ സമിതികളുടെ ജില്ലാതല പ്രവർത്തനത്തിനായി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ അടുത്ത വർഷം 8 ലക്ഷം രൂപ വകുയിരുത്തിയിട്ടുണ്ട്.

**<u>ദിശ</u>**

ലഹരിയുടെ മായാലോകം തീർക്കുന്ന ചതിക്കുഴികളിൽ നിന്ന് നമ്മുടെ വിദ്യാലയങ്ങളെയും വിദ്യാർത്ഥികളെയും രക്ഷിക്കുവാൻ ജില്ലാപഞ്ചായത്ത് നേതൃത്വം നൽകി നടപ്പിലാക്കുന്ന യോഗാ പരിശീലന പദ്ധതിയാണ് ദിശ. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് യോഗാ പരിശീലനം നൽകുന്നത്. ജീവിത ശൈലീരോഗങ്ങൾക്ക് കുഞ്ഞുനാളിൽ തന്നെ പ്രതിരോധം തീർക്കാൻ കഴിയുന്ന കായിക പരിശീലന പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുടർപദ്ധതിയ്ക്കായി 14 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## <u>ആശ്വാസ് പദ്ധതി</u>

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് എടുത്ത് പറയേണ്ട ഒരു പദ്ധതിയാണ് ജില്ലാ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ആശ്വാസ് പദ്ധതി. ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി സർക്കാർ ആശുപത്രികളും കരാറിലേർപ്പെട്ടിടുള്ള സ്വകാര്യ ആശുപത്രികളിലും ഈ പദ്ധതി നടന്നു വരുന്നു. 500 ഓളം ഗുണഭേക്താക്കൾക്ക് ഇതിന്റെ പ്രയോജനം നൽകുവാൻ സാധിക്കുന്നുണ്ട്. ഇതിനോടൊപ്പം കരൾ/വൃക്ക മാറ്റിവയ്ക്കലിന് വിധേയരായവർക്കുള്ള മരുന്നു വിതരണം പദ്ധതിയും ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ജില്ലാപഞ്ചായത്തിന്റെ അഭിമാന

പദ്ധതികളിലൊന്നായ ആശ്വാസ് പദ്ധതിയ്ക്ക് 1.5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് മുൻവർഷങ്ങളിൽ വിദ്യാഭ്യാസ മേഖലക്ക് സവിശേഷ ശ്രദ്ധ നൽകിയിരുന്നതും ആയതിന്റെ ഗുണഫലങ്ങൾ പ്രസ്തുത മേഖലയിൽ പ്രതിഫലിച്ചിട്ടുള്ളതുമാണ്. പ്രത്യേകം തെരഞ്ഞെടുത്ത കുട്ടികൾക്ക് ക്ലാസ്സ് ടൈം കഴിഞ്ഞ് പാഠ്യവിഷയങ്ങളിൽ പരിശീലനം നൽകി അവരെ ഭയലേശമില്ലാതെ പരീക്ഷയെ നേരിടാൻ പ്രാപ്തരാക്കുന്ന പദ്ധതിയാണ് '**വിദ്യാജ്യോതി**'. ഇതോടൊപ്പം ആദിവാസി ഊരുകളിൽ കുട്ടികളെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി രാത്രികാല പഠന ക്ലാസ്സുകൾ നടത്തി അദ്ധ്യയന നിവാരം മെച്ചപ്പെടുത്തുന്ന '**വനജ്യോതി**' എന്നിവ പ്രത്യേകം എടുത്തു പറയേണ്ടതാണ്. സ്കുളുകളിൽ ഫിലിം ക്ലബ്ബ് രൂപീകരിക്കുന്നതിനും സിനിമ നിർമ്മാണം കുട്ടികളെ പരിശീലിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള '**സെല്ലുലോയിഡ്**' പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുന്നതിനും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുമായി ഹൈടെക്ക് ക്ലാസ്സ് മുറികളിൽ ആധുനിക രീതിയുലുള്ള ഫർണിച്ചറുകൾ വാങ്ങി നൽകാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മേൽപറഞ്ഞ പദ്ധതികൾക്കായി നടപ്പുവർഷം രണ്ടരകോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### സുശാന്തി

പ്രമുഖ കേന്ദ്രങ്ങൾ, പൊതുയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതകൾക്കുവേണ്ടി വിശ്രമ സങ്കേതങ്ങൾ ഒരുക്കുന്ന ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയാണ് സുശാന്തി. സംസ്ഥാന സർക്കാരിന്റെ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 25,00,000/- (ഇരുപത്തി അഞ്ച് ലക്ഷം രൂപ ) വകയിരുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞിട്ടുള്ള പ്രധാന പദ്ധതികൾക്ക് പുറമെ ചെറുതും വലുതുമായ ഒട്ടനവധി പദ്ധതികൾ ഉൽപ്പാദന മേഖലയിലും സേവന മേഖലയിലും ഏറ്റെടുത്തിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി, പട്ടികവർഗ്ഗ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ചിട്ടുള്ള നിരവധി പദ്ധതികളും സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് അനിവാര്യ പദ്ധതികളും 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ട്. സ്കൂളുകളുടെയും ആശുപത്രികളുടെയും

അടിസ്ഥാന സൗകര്യ വികസനത്തിനായി തുക വകയിരുത്തുന്നതിന് ബഡ്ജറ്റിലും വരും വർഷത്തെ പദ്ധതിയിലും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ഇതിനു പുറമെ സ്കൂളുകൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ എന്നിവയ്ക്കും മതിയായ തുക വകയിരുത്തിയിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2021–22 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് ആകെ 716,36,74,788/– (എഴുന്നൂറ്റി പതിനാറ് കോടി മുപ്പത്തി ആറ് ലക്ഷത്തി എഴുപത്തി നാലായിരത്തി എഴുനൂറ്റി എൻപത്തി എട്ട്) രൂപയുടെ വരവും 699,13,25,885/– (അറുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് കോടി പതിമൂന്ന് ലക്ഷത്തി നാൽപ്പത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി എൻപത്തി അഞ്ച്) രൂപയുടെ ചെലവും പ്രതീക്ഷിച്ചുകൊണ്ട് 17,23,48,903/– (പതിനേഴ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി മൂന്ന്) രൂപയുടെ നീക്കിയിരിപ്പ് പ്രതീക്ഷിച്ചുകൊണ്ട് തയ്യാറാക്കിയ ബജറ്റ് വിശകലനത്തിനും അംഗീകാരത്തിനുമായി അവതരിപ്പിക്കുന്നു.

**<u>പ്രതീക്ഷിക്കുന്ന വരവിന്റെ വിശദാംശങ്ങൾ</u>**

| | | |
|---|---|---|
| 1 | പ്രാരംഭ ബാക്കി | 12,42,61,788/– |
| 2 | നികുതിയേതര വരുമാനം | 12,01,40,000/– |
| 3 | വികസന ഫണ്ട് – ജനറൽ | 33,60,41,000/– |
| 4 | വികസന ഫണ്ട് – എസ്.സി.പി. | 20,74,46,000/– |
| 5 | വികസന ഫണ്ട് – റ്റി.എസ്.പി. | 1,10,53,000/– |
| 6 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 49,75,00,000/– |
| 7 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 12,00,00,000/– |
| 8 | ജനറൽ പർപ്പസ് ഗ്രാന്റ് | 4,30,23,000/– |
| 9 | പദ്ധതി ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് ഗ്രാന്റുകൾ (റവന്യൂ) | 63,77,00,000/– |
| 10 | പദ്ധതിയേതര ചെലവുകൾക്കുള്ള (റവന്യൂ) ഗ്രാന്റ് | 2,50,00,000/– |
| 11 | വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ | 34,00,00,000/– |
| 12 | വായ്പ ഒഴികെയുള്ള മൂലധന വരവുകൾ | 20,15,10,000/– |
| 13 | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (ങഏചഞഋഏട) ഗ്രാന്റുകൾ, പദ്ധതി | 450,00,00,000/– |

| | | |
|---|---|---|
| | ചെലവുകൾ | |
| **ആകെ വരവുകൾ** | | **716,36,74,788/-** |

| **ചെലവ് വിശദാംശങ്ങൾ** | | |
|---|---|---|
| 1 | റവന്യൂ ചെലവ് (അനിവാര്യ ചുമതലകൾ) | 13,55,15,885/- |
| 2 | റവന്യൂ പദ്ധതി ചെലവ് (ങഏചഞളഋഏട ഉൾപ്പെടെ) | 616,38,10,000/- |
| 3 | റവന്യൂ പദ്ധതിയേതര ചെലവ് | 5,50,00,000/- |
| 4 | മൂലധന ചെലവ് | 63,70,00,000/- |
| | **ആകെ ചെലവ്** | **699,13,25,885/-** |
| | **നീക്കി ബാക്കി** | **17,23,48,903/-** |